**Week- 2**

## Weekly Devotion - August 2017

## Real Freedom From Calvary (കാൽവറി നൽകുന്ന സ്വാതന്ത്ര്യം)



അനേകരുടെ പാപങ്ങളെയും ശാപങ്ങളെയും ഏറ്റെടുത്ത് നീതിമാനായ ക്രിസ്തു കാൽവറിയിൽ യാഗമായത് നമുക്ക് പൂർണ്ണസ്വാതന്ത്ര്യം നേടിത്തരുവാനായിരുന്നു. പാപമോചനത്തിന് ഒരവതാരവും ഉള്ളതായി, ഉണ്ടായതായി ഒരു മതവും പഠിപ്പിക്കുന്നില്ല. ക്രിസ്തുമാത്രമാണ് അപ്രകാരമുള്ള വിമോചകൻ. Act (17:31) ൽ ക്രിസ്തുവിനെ ദൈവം നിയമിച്ച പുരുഷനെന്നാണ് പൗലോസ് പറയുന്നത്. ലോകം അവനാൽ രക്ഷിക്കപ്പെടുവാനാണ് പിതാവാം ദൈവം പാപമില്ലാത്ത തന്റെ മകനെ കാൽവറിയിൽ യാഗമാക്കിയത്.

നാം ദൈവകൃപയ്ക്കധീനരാകയാൽ ഇനിപാപം ചെയ്യരുതെന്ന് വചനം വ്യക്തമാക്കുന്നു. കൃപ സൗജന്യമായി ലഭിക്കുന്ന ഈ കാലയളവിൽ മനുഷ്യർ തങ്ങളുടെ ദുഷ്പ്രവർത്തികളുടെ ആധിക്യത്താൽ കൃപവ്യർത്ഥമാക്കുന്നു. ദൈവനീതിയുടെ വിളംബരമായി സ്വന്തരക്തം നൽകി നമ്മെ വീണ്ടെടുത്ത ദൈവസ്നേഹത്തെ ഇന്ന് ജനം വർഷത്തിലൊരിക്കൽ ആഘോഷത്തിനുള്ള ഒരു ദിവസമായി അഗണ്യമാക്കുന്നതാണ് പാപപ്രവർത്തികൾ വർദ്ധിക്കുവാൻ കാരണം. പാപം ശാപത്തെ ക്ഷണിച്ചു വരുത്തുന്നതിനാൽ പാപത്തെ അതിജീവിക്കുക "പാപം വാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിങ്കലേക്കാകുന്നു" എന്ന് കയീന് നൽകിയ മുന്നറിയിപ്പ് നാമും അംഗീകരിക്കേണ്ടതാണ്. പാപത്തിന്റെ ശമ്പളം മരണമത്രെ. പാപസംബന്ധമായി നാം നശിക്കാതിരിപ്പാൻ പാപമില്ലാത്തവൻ ഒരിക്കലായിട്ട് കാൽവറിയിൽ യാഗമായി. പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചതിനാലാണ്സ്വാതന്ത്ര്യത്തിന്റെ സന്തോഷം നാം അനുഭവിക്കുന്നത് (റോമർ 5:20, 6:22)

കാൽവറിയിലെ യാഗം സകലശാപത്തിൽ നിന്നും നമുക്ക് സ്വാതന്ത്ര്യം നേടിത്തരുന്നു. ഗലാ (3:13) ൽ ക്രിസ്തു നമുക്കുവേണ്ടി ശാപമായി എന്ന് കാണുന്നു. ക്രിസ്തുവിന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവ

ത്തോടുള്ള സ്നേഹം എന്ന് (1യോഹ 5:3) ൽ കാണുന്നു. ക്രിസ്തുവിനോട് ചേരുവാൻ വചനം എന്ത് ചെയ്യണമെന്ന് വ്യക്തമാക്കിയത് നാം അനുസരിച്ചാൽ ആത്മാവ്, ജലം, രക്തം ഇവയുടെ സാക്ഷ്യം ഒന്നുതന്നെ ആയിരിക്കും. (1 യോഹ 5:8) ശ്രദ്ധിക്കുക.

കാൽവറിയിലെ യാഗം സകല അധർമ്മങ്ങളിൽ നിന്നും നമ്മെ സ്വതന്ത്രരാക്കുന്നു. (1 യോഹ 3:4) ൽ പാപം ചെയ്യുന്നവനെല്ലാം അധർമ്മം ചെയ്യുന്നു എന്ന് കാണുന്നു. സോദോം, ഗൊമോര എന്നീ പട്ടണങ്ങളിൽ അധർമ്മം വർദ്ധിച്ച്, പാപം പെരുകിയപ്പോൾ അവയെ ഭസ്മീകരിച്ച് ഉന്മൂല നാശം വരുത്തി ഭക്തികെട്ടവർക്ക് ദൃഷ്ടാന്തമായി ഇന്നും വച്ചിരിക്കുന്നു. അധർമ്മികൾ വർദ്ധിക്കുന്ന ഈ ലോകത്തിൽ നിന്ന് നമ്മെ രക്ഷിപ്പാനാണ് അധർമ്മികളുടെ കൂട്ടത്തിലവനെ ക്രൂശിച്ചത്

പ്രീയരേ ! ക്രൂശിന്റെ ദൂത് പറയുന്നതിനെ അവഗണിക്കുന്നതും, മറ്റുള്ളവർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ചെവിക്കൊള്ളാതെയും ഇരുന്നാൽ ശാപം പിൻപറ്റുമെന്ന് മറക്കരുത്. 2 രാജ (10:1-14) വരെയുള്ള ഭാഗത്ത് ഏലിയാവിൽ കൂടി അരുളിചെയ്ത വചനങ്ങളെ ആഹാബ് കേട്ടതാണ്. ദൈവിക അനുഗ്രഹം പ്രാപിച്ച യിസ്രായേൽ രാജാവായ ആഹാബിന് എഴുപതു മക്കളെ കൊന്നുകളഞ്ഞ അവസ്ഥ വരാതിരിപ്പാൻ സമയം ദൈവം നൽകിയിട്ടും വിഗ്രഹാരാധിയായ ഭാര്യയുടെ വാക്കാണ് അവൻ കേട്ടത്. അതിനാൽ അവന്റെ അനുഗ്രഹത്തിനുവേണ്ടി ദൈവം ചെയ്തത് അവന് ശാപമായി. കാൽവറിയിലെയാഗം അംഗീകരിക്കാതെ കാൽവറിനൽകുന്ന സ്വാതന്ത്ര്യത്തെ നിന്ദിച്ചാൽ നിങ്ങൾക്കത് ശാപവും നിങ്ങൾക്കുവേണ്ടി, നിങ്ങളുടെ പാപത്തിൽ നിന്ന് ശാപത്തിൽ നിന്ന് സ്വാതന്ത്ര്യലബ്ദിക്കായി, പ്രാർത്ഥിക്കുന്നവർക്കത് അനുഗ്രഹവുമാകും. സ്വാതന്ത്ര്യം നൽകുന്ന , മരണം ജയിച്ചവീരനെ, ഇന്നുതന്നെ അംഗീകരിക്കുവാൻ ദൈവം കൃപചെയ്യട്ടെ.

## <u>പ്രാർത്ഥന</u>

ഞങ്ങളുടെ പാപവും ശാപവും മാറി ആത്മീയ സ്വാതന്ത്ര്യമനുഭവിപ്പാൻ സകലതും ഏറ്റെടുത്ത് കാൽവറിയിൽ യാഗമായതിനായി നന്ദികർത്താവേ. മരിച്ചുയർത്തെഴുന്നേറ്റ അങ്ങയെ സ്നേഹിക്കുന്നു എന്ന് പറയുകയല്ല അത് മൂന്ന് സാക്ഷികളും അംഗീകരിപ്പാൻ ഇടയാകത്തക്കവണ്ണം എല്ലാവരും ആ കല്പന അനുസരിപ്പാനിടയാക്കേണമേ ആമേൻ.

**<u>Santhamma Varghese</u>**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind